# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6357 — 31.10.2011-ൽ മറുപടിക്ക്

## നാഷണൽ ഗെയിംസിനോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മോയിൻകുട്ടി | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഗെയിംസിനോടനുബന്ധിച്ച വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നല്കാമോ; | (എ) ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിന്റെ ഭാഗമായി 13 സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും 5 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ധനസഹായം നൽകി പിരപ്പൻകോട് നീന്തൽക്കുളവും ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചുവരുന്നു.<br>സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ധനസഹായത്തിലും മേൽനോട്ടത്തിലും കാര്യവട്ടം എൽ.എൻ.സി.പി.ഇ., ആലപ്പുഴ അക്വാട്ടിക് സെന്റർ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നു; |
| (ബി) അവയിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ; | (ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു; |
| (സി) ഏതൊക്കെ ഏജൻസികളിലൂടെയാണ് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (സി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവ മുഖേനയാണ് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നത്; |

| | |
|---|---|
| (ഡി) റിവ്യു നടത്തി വികസന പ്രവർത്തന പുരോഗതി ഉറപ്പുവരുത്തുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; | (ഡി) ഉണ്ട്; |
| (ഇ) അതിനായി എന്തു തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്; അതിന്റെ വിനിയോഗ വിവരങ്ങൾ വെളിപ്പെടുത്താമോ? | (ഇ) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും ആകെ 62.78 കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും 2011 സെപ്റ്റംബർ 30 വരെ 38.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -

## ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്റ്റേഡിയങ്ങൾ

### നവീകരണം പ്രവർത്തനങ്ങൾ നടക്കുന്നവ:-

| | | പ്രവർത്തന പുരോഗതി ശതമാനത്തിൽ |
|---|---|---|
| 1. | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | 98% |
| 2. | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | 10% |
| 3. | ജിമ്മി ജോർജ്ജ് ഇൻഡോർ ഹാൾ, തിരുവനന്തപുരം | 75% |
| 4. | കാർഷിക കോളേജ് ഇൻഡോർ ഹോൾ, വെള്ളായണി, തിരുവനന്തപുരം | 55% |
| 5. | ശംഖുമുഖം ഇൻഡോർ ഹാൾ (ഐ. ആർ. സി), തിരുവനന്തപുരം | 70% |
| 6. | വാട്ടർ അതോറിറ്റി നീന്തൽക്കുളം, തിരുവനന്തപുരം | 10% |
| 7. | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | 75% |
| 8. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം | 10% |
| 09. | വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 75% |
| 10. | വി. കെ. എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 60% |

### പുതിയവ:-

| | | |
|---|---|---|
| 1. | ഹോക്കി സ്റ്റേഡിയം, കൊല്ലം | 30% |
| 2. | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | 25% |
| 3. | ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ്, കോഴിക്കോട് | 70% |

24/ /50